സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**ജനറൽ പ്രൊവിഡന്റ് ഫണ്ടിൽ കുറവ് ചെയ്ത പലിശ നിരക്ക് ദേവസ്വം ബോർഡ് ജീവനക്കാർക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ഉത്തരവ് നമ്പർ: ROC 4576/14/Est-I** **നന്തൻകോട്, 25/01/2018**

---

പരാമർശം :- 1) 30-6-2017 ലെ മേൽ നമ്പർ ഉത്തരവ്.
2) 17-11-2017 ലെ സ.ഉ.(അച്ചടി) 148/2017/ധന നമ്പർ ഉത്തരവ്.
3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 10-1-2018 ലെ DA 333/17/DPF നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ദേവസ്വം ബോർഡ് ജീവനക്കാരുടെ 2016-17 സാമ്പത്തിക വർഷത്തിലെ 01-10-2016 മുതലുള്ള പി.എഫ്. അക്കൗണ്ടുകളിലെ തുകയ്ക്കുള്ള പലിശ നിരക്ക് 8 % ആയി കുറച്ച് പരാമർശം 1 ൽ ഉത്തരവായി.

2017-18 സാമ്പത്തിക വർഷത്തിൽ 10/2017 മുതൽ പ്രൊവിഡന്റ് ഫണ്ട് തുകയുടെ പലിശനിരക്ക് 7.8 % ആയി കുറച്ചും ടി കാലയളവിൽ അടുത്തൂൺപറ്റി പിരിഞ്ഞവരുടേതടക്കം പി.എഫിൽ അധിക നിരക്കിൽ പലിശ വരവ് വച്ചിട്ടുണ്ടെങ്കിൽ ആയത് തിരിച്ച് പിടിക്കുന്നതിനും പരാമർശം 2 ൽ സംസ്ഥാന സർക്കാർ ഉത്തരവായി. പ്രസ്തുത ഉത്തരവ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കും ബാധകമാക്കി ഉത്തരവുണ്ടാകണമെന്ന് വിവരിച്ചുള്ള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പരാമർശം 3 റിപ്പോർട്ട് ലഭിച്ചു.

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജനറൽ പ്രൊവിഡന്റ് ഫണ്ട് റൂൾ നടപ്പാക്കിയിട്ടുള്ളതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ 2017-18 സാമ്പത്തിക വർഷത്തിലെ 10/2017 മുതലുള്ള പ്രൊവിഡന്റ് ഫണ്ട് തുകയുടെ പലിശനിരക്ക് 7.8 % ആയി കുറച്ചും ടി കാലയളവിൽ അടുത്തൂൺപറ്റി പിരിഞ്ഞവരുടേതടക്കം പി.എഫിൽ അധിക നിരക്കിൽ പലിശ വരവ് വച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുന്നതിനും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി
(ഒപ്പ്)

**സെക്രട്ടറി**

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ – നടപടിക്കായി
3. ഇ.ഡി.പി. സെക്ഷൻ
4. അക്കൗണ്ട്സ് സെക്ഷൻ, ദേവസ്വം ബോർഡ് ആഫീസ്
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK